## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ.1044 05.03.2020 -ൽ മറുപടിയ്ക്ക്.

## <u>രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ</u>

**ചോദ്യം**

**ശ്രീ.എ.പി. അനിൽ കുമാർ**

**ഉത്തരം**

**ജി.സുധാകരൻ**

**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം സംസ്ഥാനത്തെ രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ എന്തൊക്കെയാണ്;

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം സംസ്ഥാനത്തെ രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ ചുവടെ ചേർക്കുന്നു.

1. ആധാര വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും ആധാരം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനുള്ള സംവിധാനം.

2. ആധാര രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കുന്നതിന് ഇ-പേയ്മെന്റ് സംവിധാനം.

3. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില ഒടുക്കേണ്ടിവരുന്ന എല്ലാ ആധാരങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം.

4. ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തന്നെ അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ഓൺലൈനായി ലഭ്യമാക്കിക്കൊണ്ട് പോക്ക് വരവ്

നടപടികൾ കൂടുതൽ സുതാര്യമാക്കി.

5. ഭൂമിയുടെ ന്യായവില പൊതുജനങ്ങൾക്ക് ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം.

6. ആധാരങ്ങളുടെ സർട്ടിഫൈഡ് പകർപ്പ്, ലിസ്റ്റ് സർട്ടിഫിക്കറ്റ് എന്നിവയ്ക്കായി സബ് രജിസ്ട്രാർ ഓഫീസിലേക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം.

7. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾക്കായി ഓഫീസിൽ ഹാജരാകാതെ ഓൺലൈനായി അപേക്ഷിക്കുന്നതിനും, ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ ഫീസ് ഒടുക്കുന്നതിനും, അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം.

8. സ്പെഷ്യൽ മാര്യേജ് രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം.

9. സൊസൈറ്റി രജിസ്ട്രേഷനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനും, ഓൺലൈനായി ഫീസ് ഒടുക്കുന്നതിനുമുള്ള സംവിധാനം.

10. പാർട്ട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷൻവേണ്ടി ഓൺലൈനായി അപേക്ഷിക്കുന്നതിനും, രജിസ്ട്രേഷൻ ഫീസ് ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ ഒടുക്കുന്നതിനും, ഓഫീസിൽ

| | |
|---|---|
| | ഹാജരാകാതെ തന്നെ രജിസ്ട്രേഷൻ വിവരം ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം.<br><br>11. ചിട്ടി രജിസ്ട്രേഷൻ നടപടികൾക്കുള്ള ഓൺലൈൻ സംവിധാനം.<br><br>12. രജിസ്ട്രേഷൻ വകുപ്പിനു കീഴിലെ ഓഫീസുകളിൽ ഡെബിറ്റ്/ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് ഫീസുകൾ അടയ്ക്കുന്നതിനുള്ള സംവിധാനം.<br><br>13. സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്നതിനായി സബ് രജിസ്ട്രാർ ഓഫീസുകളിൽ ഫയൽ ചെയ്യുന്ന ഗഹാനുകൾ ഓഫീസിൽ ഹാജരാകാതെ തന്നെ ഓൺലൈനായി ഫയൽ ചെയ്യുന്നതിനുള്ള ഇ-ഗഹാൻ സംവിധാനം. |
| (ബി) രജിസ്ട്രേഷൻ വകുപ്പിൽ സ്മാർട്ട് കോൺട്രാക്ട് എന്ന ആശയം പ്രാവർത്തികമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (ബി) രജിസ്ട്രേഷൻ വകുപ്പിൽ ബ്ലോക്ക് ചെയിൻ സാങ്കേതിക വിദ്യ നടപ്പിലാക്കുന്ന മുറയ്ക്ക് സ്മാർട്ട് കോൺട്രാക്റ്റ് എന്ന ആശയം പ്രാവർത്തികമാകുന്നതാണ്. സ്ഥാവര വസ്തുക്കളുടെ കൈമാറ്റങ്ങൾക്ക് ബാധകമായ നിയമവ്യവസ്ഥകളെ സാങ്കേതിക വിദ്യയുമായി സന്നിവേശിപ്പിച്ച് കൊണ്ട് സുരക്ഷിതമായ മാർഗ്ഗത്തിലൂടെ കൈമാറ്റ ഇടപാടുകൾ ഡിജിറ്റൽ രൂപത്തിലൂടെ സാധ്യമാകുന്നു എന്നതാണ് സ്മാർട്ട് കോൺട്രാക്റ്റ് എന്ന ആശയം കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ രീതി നടപ്പിലാക്കുന്നതോടുകൂടി വ്യാജ ഇടപാടുകൾ പൂർണ്ണമായും തടയുവാനും ഭൂമി കൈമാറ്റ ഇടപാടുകൾ തികച്ചും സുതാര്യവും സുരക്ഷിതവുമായിരിക്കും. |
| (സി) സംസ്ഥാനത്തെ സബ് | (സി) ബിസിനസ്സ് സൗഹാർദ സംസ്ഥാനങ്ങളുടെ |

| | |
|---|---|
| രജിസ്ട്രാർ ഓഫീസുകളിൽ അവധി ദിവസങ്ങളിലും ഡോക്യുമെന്റുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ ഓഫീസുകളിലെന്ന് വിശദമാക്കാമോ? | സൂചികയിൽ കേരളത്തിന്റെ സ്ഥാനം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ഒരു വ്യവസായം ആരംഭിക്കുന്നതിന് വേണ്ടുന്ന നടപടിക്രമങ്ങൾ ലഘൂകരിക്കുക എന്നത് സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ വകുപ്പ് നൽകുന്ന വിവിധ സേവനങ്ങളുടെ നടപടികൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായാണ് അവധി ദിവസങ്ങളിലും ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. ഇത് സംബന്ധിച്ച പ്രാരംഭഘട്ട ചർച്ചകൾ ഇനിയും തുടങ്ങിയിട്ടില്ലാത്തതിനാൽ പ്രസ്തുത സൗകര്യം നടപ്പിലാക്കുന്ന ഓഫീസുകളെ സംബന്ധിച്ച് തീരുമാനങ്ങൾ എടുത്തിട്ടില്ല. |

**സെക്ഷൻ ഓഫീസർ**